സമരം വ്യവസായ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒത്തു തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

കാർബൺ ബ്ലാക്ക് കമ്പനിയിൽ രണ്ടുമാസത്തിലധികമായി തൊഴിലാളികൾ നടത്തിവരുന്ന പണിമുടക്ക് സമരം ഒത്തു തീർപ്പാക്കുന്നതിനുള്ള ചർച്ചകൾ റീജിയണൽ ലേബർ കമ്മീഷണറുമായി നടന്നുവരുന്നു. മന്ത്രിതലത്തിൽ ചർച്ചകൾ ആവശ്യമെന്ന് കണ്ടാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

മൈലത്ത് വ്യവസായം തുടങ്ങാൻ നടപടി

27 (1368)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ മൈലം എന്ന സ്ഥലത്ത് വ്യവസായം തുടങ്ങുന്നതിനുവേണ്ടി സർക്കാർ ഏറ്റെടുത്ത സ്ഥലത്ത് ഇതുവരെ എത്ര വ്യവസായ സംരംഭകർ സന്ദർശിച്ചിട്ടുണ്ട്;

(ബി) ഇവിടെ വ്യവസായം തുടങ്ങുന്നതിന് ഏതെങ്കിലും ഏജൻസികൾ മുന്നോട്ടു വന്നിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥലത്തുനിന്നുമുള്ള ആദായം സംരക്ഷിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പുതിയ സാമ്പത്തിക വർഷത്തിൽ പൊതുമേഖലയിൽ ഈ സ്ഥലത്ത് എന്തെങ്കിലും വ്യവസായം തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ എന്തു വ്യവസായം എന്നറിയിക്കുമോ;

(എഫ്)മൈലം ഭൂമിയിൽ വ്യവസായം തുടങ്ങുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)കൊക്കോകോള ബോട്ട്ലിംഗ് പ്ലാന്റിനുവേണ്ടിയും, കുവൈറ്റിലെ ഗോൾഡൻ ഫ്രൈസിനു വേണ്ടിയും വ്യവസായ സംരംഭകർ സ്ഥലം സന്ദർശിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കിൻഫ്ര ഏറ്റെടുത്ത 12 ഏക്കർ സ്ഥലത്ത് തെങ്ങിൽനിന്നുള്ള ആദായം എടുക്കുന്നതിനുവേണ്ടിയുള്ള അവകാശം പത്ര പരസ്യത്തിലൂടെ കിൻഫ്ര ടെണ്ടർ വിളിച്ച് നൽകിയിട്ടുണ്ട്.

(ഡി)-(എഫ്) മൈലത്ത് വ്യവസായ സംരംഭകരെക്കൊണ്ട് വ്യവസായങ്ങൾ തുടങ്ങിക്കുന്നതിനുള്ള ശ്രമം കിൻഫ്ര നടത്തിവരുന്നു.

പ്രഭുറാം മില്ലിന്റെ പ്രവർത്തനം

28 (1369)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രഭുറാം മില്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി) ഇത് സംബന്ധിച്ച് മില്ലിലെ തൊഴിലാളി സംഘടനകൾ സംയുക്തമായി മന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മില്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് അവിടത്തെ ട്രേഡ് യൂണിയൻ ഭാരവാഹികളുമായി ചർച്ച നടത്തുമോ;

(ഇ) ഇതിന്റെ പ്രവർത്തനത്തിന് ആവശ്യമായ പഞ്ഞി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(എഫ്) മില്ലിന്റെ നവീകരണത്തിന് ആവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രഭുറാം മില്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അത്യന്താപേക്ഷിതമായ ഒരു നവീകരണ/പുനരുദ്ധാരണ പദ്ധതിക്ക് രൂപം നൽകിക്കഴിഞ്ഞു. ടി പുനരുദ്ധാരണ പദ്ധതിയുടെ സമയോചിതമായ നടപ്പാക്കലിലൂടെ മില്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനാകുന്നതാണ്.

(ബി) ഉണ്ട്.

(സി) മില്ലിന്റെ നില മെച്ചപ്പെടുത്തുന്നതിന് ഉചിതമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ട്രേഡ് യൂണിയൻ ഭാരവാഹികളുമായി കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻ ചർച്ച ആരംഭിച്ചുകഴിഞ്ഞു.

(ഇ) കഴിഞ്ഞ പത്തുവർഷക്കാലയളവിൽ ഒരിക്കൽപ്പോലും മില്ലിന്റെ പ്രവർത്തനം അസംസ്കൃതവസ്തുവായ പഞ്ഞിയുടെ ലഭ്യതക്കുറവുകൊണ്ട് നിലച്ചിട്ടില്ല. മേലിലും ഇക്കാരണത്താൽ മില്ലിന്റെ പ്രവർത്തനം നിലയ്ക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) എ വിഭാഗത്തിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഗ്യാരന്റി കമ്മിഷൻ

29 (1370) ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ ഗവൺമെന്റിനു നൽകേണ്ടതായ ഗ്യാരന്റി കമ്മീഷൻ നൽകാതെ കുടിശ്ശികയാക്കിയിട്ടുണ്ട്;

(ബി) ഒട്ടാകെ ഈയിനത്തിൽ എന്തു തുക പിരിഞ്ഞു കിട്ടാനുണ്ട്;

(സി) ഈ തുക കുടിശ്ശികയാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly